(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പ്രതിമാസം നൽകേണ്ടുന്ന പലിശ 40.80 കോടി രൂപയും പലിശയിനത്തിൽ 2015 ജൂൺ 30 ന് നൽകേണ്ട മൊത്തം തുക 52.96 കോടി രൂപയുമാണ്.

ചരക്ക് സേവന നികുതിമൂലം ഉണ്ടാകുന്ന വ്യതിയാനം

139 (3293) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരക്ക് സേവന നികുതി ഘടന പരിഷ്കരിക്കുമ്പോൾ കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിന് വരുമാനത്തിൽ ഉണ്ടാകുന്ന വ്യതിയാനം കണ്ടെത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

പ്രാഥമ്യസ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവ്വീസ് മേഖലകൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. എന്നാൽ ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ വിവിധ സംസ്ഥാന നികുതികൾ ലയിപ്പിക്കുമ്പോൾ ഉണ്ടായേക്കാവുന്ന റവന്യൂ നഷ്ടം കണക്കിലെടുത്ത് നിലവിലെ നികുതി വരുമാനം സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തിന് ബാധകമായ റവന്യൂ ന്യൂട്രൽ റേറ്റ് എത്രയായിരിക്കണം എന്നതിനെ സംബന്ധിച്ച് ഗുജറാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന പഠനം നടത്തിവരുന്നു.

വാണിജ്യ നികുതി

140 (3294) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാണിജ്യ നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവവും വീഴ്ചയും ഉണ്ടായെന്ന ആക്ഷേപം കണക്കിലെടുത്ത് നികുതി വെട്ടിപ്പ് തടഞ്ഞ് പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വാണിജ്യ നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവവും വീഴ്ചയും ഉണ്ടായിട്ടില്ല എന്നിരുന്നാലും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly